**ഭരണഭാഷ-മാതൃഭാഷ**

ICDS/B2-2250/21

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 10.02.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ.

എല്ലാ ജില്ലാ വനിത ശിശു വികസന പദ്ധതി ഓഫീസർമാർക്കും.
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - ക്യാമ്പയിൻ-12 - ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങളിൽ ഭേദഗതി വരുത്തിയത് - സംബന്ധിച്ച്.

സൂചന : ഈ കാര്യാലയത്തിലെ 01-02-21ലെ ഇതേ നമ്പർ മാർഗ്ഗ നിർദ്ദേശങ്ങൾ.

സൂചന കത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഫെബ്രുവരി മാസത്തിൽ നടപ്പിലാക്കേണ്ട ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ഫെബ്രുവരി 12ന് നടത്തേണ്ട Flash mob എന്ന പരിപാടിയ്ക്ക് പകരമായി നടപ്പിലാക്കേണ്ട mass out reach പ്രോഗ്രാമിന്റെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

S.N. SIVANYA
Joint Director
Women and Child Development Department
Thiruvananthapuram - 695012

JF

**ഊർജ്ജിത വിളർച്ച പ്രതിരോധ നിയന്ത്രണയജ്ഞം 2021 ക്യാമ്പയിൻ 12ന്റെ ഭാഗമായി അങ്കണവാടി വർക്കർ/സൂപ്പർ വൈസർ/ശിശു വികസന പദ്ധതി ഓഫീസർ/പ്രോഗ്രാം ഓഫീസർ/ജില്ലാ വനിത ശിശു വികസന ഓഫീസർ എന്നിവരുടെ ഭവന സന്ദർശനം**

അനീമിയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ് ചുരുങ്ങിയത് പന്ത്രണ്ടിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ വനിത ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ ക്യാമ്പയിൻ - 12 എന്ന പദ്ധതി 2021 ജനുവരി 12 ന് ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി ഫെബ്രുവരി 12 ന് അനീമിയ ബോധവത്കരണത്തിന്റെ mass outreach പ്രോഗ്രാം എന്ന രീതിയിൽ അങ്കണവാടി വർക്കർ മുതൽ ഉയർന്ന ഉദ്യോഗസ്ഥർ വരെ അവരുടെ ഏരിയായിലുള്ള തദ്ദേശസ്വയം ഭരണ വകുപ്പ് നൽകിയിട്ടുള്ള വീട്ട് നമ്പർ/ റെസിഡൻസ് അസോസിയേഷൻ നമ്പർ 12ൽ അവസാനിക്കുന്ന ( ഉദ. വീട്ടു നമ്പർ 12, 112, 212 മുതലായവ) വീട്ടുകളിൽ സന്ദർശനം നടത്തേണ്ടതും അനീമിയ സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതുമാണ്.

ഒരു വർക്കർ 3 വീടുകൾ, സൂപ്പർവൈസര് -2, മറ്റുള്ളവർ ഓരോ വീട് വീതം സന്ദർശനം നടത്തേണ്ടതാണ്. കോവിഡ് മാനദണ്ഡം പാലിച്ചായിരിക്കണം ഭവന സന്ദർശനം നടത്തേണ്ടത്. ക്യാമ്പയിൻ-12 മാസ് out reach programme എന്ന നിലക്ക് ഈ സന്ദേശം 33115 വർക്കർമാർ 3 വീടുകൾ വീതം 99345 വീടുകൾ 1300 സൂപ്പർവൈസർ x 2 = 2600 വീടുകളിൽ 258 CDPO x 1 = 258, 14 x 1 = 14 PO, 14 x 1 = 14 ജില്ലാ ഓഫീസർ, തുടങ്ങി മേലുദ്യോഗസ്ഥർ ഉൾപ്പെടെ അങ്ങനെ 102237 (ഒരു ലക്ഷത്തി രണ്ടായിരത്തി ഇരുന്നൂറ്റി മുപ്പത്തി ഏഴ് ) വീട്ടുകളിൽ എത്തിക്കാൻ സാധിക്കും.

താഴെ പറയുന്ന വസ്തുതകളെ അടിസ്ഥാനമാക്കി വേണം ഭവന സന്ദർശനസമയത്ത് ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടത്.

1) സന്ദർശന ഉദ്ദേശം
2) എന്താണ് ക്യാമ്പയിൻ-12
3) അനീമിയയുടെ ദൂഷ്യ ഫലങ്ങൾ
4) അനീമിയയുടെ ലക്ഷണങ്ങൾ
5) ആരെയൊക്കെ ബാധിക്കും
6) ക്യാമ്പയിൻ-12ന്റെ പ്രധാന ഗുണഭോക്താക്കൾ
7) ഭക്ഷണത്തിലൂടെ അനീമിയ പരിഹരിക്കുവാൻ സാധിക്കും അതിന് എന്തൊക്കെ ചെയ്യണം

JF

ഭവന സന്ദർശനം സംബന്ധിച്ച ഫോട്ടോകൾ/വീഡിയോകൾ എന്നിവ ശിശു വികസന പദ്ധതി ഓഫീസർമാർ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക് നല്കേണ്ടതും പ്രോഗ്രാം ഓഫീസർമാർ ഈ കാര്യാലയത്തിലെ wcd/campaign-12@gmail.com എന്ന e-mail-ലേയ്ക്ക് അയച്ച് തരേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

S.N. SIVANYA
Joint Director
Women and Child Development
Department
Thiruvananthapuram - 695012

JF